# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനങ്ങൾ

6222 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ജില്ലാ/ സംസ്ഥാന ആസൂത്രണബോർഡുകളെയും സർക്കാരിനെയും യോജിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖലാ സംവിധാനം ശക്തമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) പദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് കൈകൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>തദ്ദേശഭരണസ്ഥാപനങ്ങളിലെ ട്രാഫിക് ക്രമീകരണം</u>

6223 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, എം. പി. വിൻസെന്റ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ട്രാഫിക് ക്രമീകരണത്തിന് സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത കർമ്മസമിതിയിലെ അംഗങ്ങൾ ഏതെല്ലാം മേഖലയിലുള്ളവരാണ്;

(ഡി) പ്രസ്തുത സമിതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ, പ്രവർത്തനരീതി എന്നിവ എങ്ങിനെയായിരിക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കെട്ടിടങ്ങളുടെ മാപ്പിംഗ്</u>

6224 ശ്രീ. ഡോ.ടി.എം.തോമസ് ഐസക്ക്
'' പ്രൊഫ. സി. രവീന്ദ്രനാഥ്
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിടങ്ങളുടെ മാപ്പിംഗ് നടത്താനുദ്ദേശമുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇത് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണോ; എങ്കിൽ ഇതിനായി ഏതെല്ലാം ഏജൻസികളെയാണ് പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി ഏജൻസിയെ ഏർപ്പെടുത്തിക്കൊണ്ട് കെട്ടിടങ്ങളുടെ മാപ്പിംഗ് നടത്താൻ അനുമതി നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

റിസോഴ്സ് മാപ്പിംഗ്

6225 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുസരീസ് ഹെറിറ്റേജ് പദ്ധതിയിൽ ഐ.കെ.എം. നടപ്പിലാക്കുന്ന റിസോഴ്സ് മാപ്പിംഗ് പ്രവർത്തനത്തിൽ പങ്കെടുത്തവരുടെ ദിവസ വേതനത്തിൽ കൃത്രിമം നടന്നതായി ചൂണ്ടിക്കാട്ടി പരാതി ലഭിച്ചിരുന്നോ ; ആരാണ് പരാതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താൻ ആരെയെങ്കിലും നിയോഗിച്ചിരുന്നോ ;

(സി) അന്വേഷണം കഴിഞ്ഞെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

മറ്റത്തൂർ പഞ്ചായത്ത് നിവാസികളെ കൊടകര പഞ്ചായത്തിൽ ഉൾപ്പെടുത്താൻ നടപടി

6226 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട, കൊടകര പഞ്ചായത്തിനും, കൊടകര ടൗണിനും ഒരു കിലോമീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്നതും കൊടകര പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ കിഴക്കു ഭാഗത്തുള്ളതുമായ മറ്റത്തൂർ പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള നൂറോളം വീടുകൾ പ്രദേശവാസികളുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് കൊടകര പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

6227 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്;

(സി) പഞ്ചായത്ത് ലൈബ്രറികളുടെ ലക്ഷ്യം നിറവേറ്റുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ;

(ഡി) പഞ്ചായത്ത് ലൈബ്രേറിയൻമാർക്ക് മതിയായ പരിശീലനം ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കെട്ടിട നികുതി കുടിശ്ശിക</u>

6228 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കെട്ടിട നികുതിയിനത്തിൽ കിട്ടാനുള്ള കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ കുടിശ്ശിക വരുത്തിയ സർക്കാർ ഇതര സ്ഥാപനങ്ങളുടെ പേര് വിവരം മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കെട്ടിടങ്ങളുടെ അസസ്മെന്റ് രജിസ്റ്റർ</u>

6229 ഡോ. എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ കെട്ടിടങ്ങളുടെ അസസ്മെന്റ് രജിസ്റ്റർ പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) വിവിധ ആവശ്യങ്ങൾക്കായി കാലാകാലങ്ങളിൽ വീടുകൾക്ക് നല്കിയ നമ്പരുകൾ ഏകീകരിച്ച് അസൗകര്യം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സർക്കാർ സ്കൂളുകളുടെ ശോചനീയാവസ്ഥ</u>

6230 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന സർക്കാർ മേഖലയിലെ സ്കൂളുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് പ്രസ്തുത സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) അങ്കമാലി നിയോജകമണ്ഡലത്തിലെ സർക്കാർ മേഖലയിലെ സ്കൂളുകളുടെ ശോചനീയാവസ്ഥയും അസൗകര്യങ്ങളും കണക്കിലെടുത്ത് ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളില്‍ നിയമനം

6231 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളില്‍ നിയമനം നടത്തുന്നതിനുളള അധികാരം നിക്ഷിപ്തമായിരിക്കുന്നത് ആരിലാണ്;

(ബി) പഞ്ചായത്ത് സ്കൂളുകളിലെ ജീവനക്കാരെ സര്‍ക്കാര്‍ ജീവനക്കാരായാണോ കണക്കാക്കുന്നത്;

(സി) സര്‍ക്കാര്‍ ജീവനക്കാരായി പഞ്ചായത്ത് ജീവനക്കാരെ പരിഗണിക്കുന്നുവെങ്കില്‍ ആയത് എന്നു മുതലാണെന്നും അറിയിക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകര്‍പ്പും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ലോകബാങ്ക് ധനസഹായ പദ്ധതി

6232 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും പ്രവർത്തനം മെച്ചപ്പെടുത്താൻ ലോക ബാങ്കുമായുള്ള ധാരണാപത്രത്തിൽ ഒപ്പ് വച്ചതനുസരിച്ച് എത്ര കോടി രൂപ വായ്പ ലഭിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) വായ്പയുടെ പലിശ നിരക്ക് എത്രയാണെന്നും തിരിച്ചടവ് തുടങ്ങുന്നത് എന്നാണെന്നും എത്ര വർഷം കൊണ്ട് ഈ തുക തിരിച്ചടയ്ക്കണമെന്നും വെളിപ്പെടുത്താമോ;

(സി) സംസ്ഥാന സർക്കാരും ലോക ബാങ്കുമായുള്ള ഈ പദ്ധതിയുടെ പേര് എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ലോകബാങ്ക് നടപ്പാക്കുന്ന പദ്ധതി</u>

6233 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾക്കുവേണ്ടി ലോകബാങ്ക് മുഖേന എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>'ആട് ഗ്രാമം'</u>

6234

ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'ആട് ഗ്രാമം' പദ്ധതി മങ്കട മണ്ഡലത്തിലെ ഒരു പഞ്ചായത്തില്‍ പോലും നടപ്പിലാക്കാത്ത കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ മങ്കട മണ്ഡലത്തിലെ 2 പഞ്ചായത്തുകളിലെങ്കിലും 'ആട് ഗ്രാമം'പദ്ധതി നടപ്പിലാക്കാന്‍ വേണ്ട നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>ആടുഗ്രാമം പദ്ധതി</u>

6235 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ആവിഷ്കരിച്ച 'ആടുഗ്രാമം' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ ഏതെല്ലാം വിധത്തിൽ സഹായിക്കുവാനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ഗ്രാമങ്ങളെയാണ് 'ആടുഗ്രാമം' പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിലെ പെര്‍ഫോമന്‍സ് ഓഡിറ്റ്</u>

6236 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് വകുപ്പില്‍ എത്ര പെര്‍ഫോമന്‍സ് ഓഡിറ്റ് ടീമുകള്‍ പ്രവര്‍ത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ടീമിനും ശരാശരി എത്ര വീതം ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റാണ് നിര്‍വ്വഹിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(സി) പെര്‍ഫോമന്‍സ് ഓഡിറ്റ് ടീമിന്റെ ഘടന വിശദമാക്കാമോ;

(ഡി) ഗ്രാമപഞ്ചായത്തുകളിലെ പെര്‍ഫോമന്‍സ് ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിന് കൂടുതല്‍ പെര്‍ഫോമന്‍സ് ഓഡിറ്റ് ടീമുകള്‍ രൂപീകരിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്ത് ഫണ്ടിന്റെ ദൗർലഭ്യം</u>

6237 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദൈനംദിന പ്രവർത്തനങ്ങൾക്കും, ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും കേരളത്തിലെ പല ഗ്രാമപഞ്ചായത്തുകളും ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാര്യം ഫലത്തിൽ സാധാരണ ജനവിഭാഗങ്ങളെയാണ് ബാധിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇത്തരം ഗ്രാമപഞ്ചായത്തുകളെ സഹായിക്കുന്നതിനും അതുവഴി ദൈനംദിന പ്രവർത്തനങ്ങൾ ഗുണകരവും, കാര്യക്ഷമവുമാക്കുന്നതിനും സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ എത്ര പഞ്ചായത്തുകൾ പ്രസ്തുത വിഭാഗത്തിൽ വരുന്നുണ്ടെന്നും, വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഇപ്രകാരം ബുദ്ധിമുട്ട് അനുഭവിക്കുന്നതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകൾക്ക് ധനസഹായം</u>

6238 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ ധനശേഷി വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ധനസഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പഞ്ചായത്തുകളുടെ തനത് പ്രവൃത്തികൾക്ക് പ്രത്യേകം പദ്ധതി വിഹിതം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>അദ്ധ്യാപകരായ പഞ്ചായത്ത് പ്രസിഡന്റുമാർ</u>

6239

ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബാബു എം. പാലിശ്ശേരി
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരായിട്ടുള്ള എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവനകാലയളവ് ഡെപ്യൂട്ടേഷനായി പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അവർക്ക് ജോലി ചെയ്യുന്ന സ്കൂൾ ഏതാണോ ആ സ്ഥാപനത്തിലെ ശമ്പളം നൽകാൻ ഉദ്ദേശമുണ്ടോ;

(സി) ഈ കാര്യത്തിൽ എന്തെങ്കിലും ശുപാർശകൾ പരിഗണനയിലുണ്ടോ; ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര പേരുണ്ട് ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ</u>

6240 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ ഇന്നത്തെ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരവും ഫണ്ടും നൽകിയതിനെ തുടർന്ന് പഞ്ചായത്ത് ജീവനക്കാരുടെ ജോലിഭാരം വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

എ. ഇ. ഒഴിവുകളിൽ നിയമനം നടത്താൻ നടപടി

6241 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ ഇനിയും നിയമനങ്ങൾ പുനർവിന്യാസം വഴിയും കരാർ നിയമനം വഴിയും നടത്തേണ്ടതിന്റെ ആവശ്യകത ഉണ്ടോ; നിലപാട് വിശദീകരിക്കാമോ;

(സി) മറ്റ് വകുപ്പുകളിൽ നിന്നും പുനർവിന്യാസം വഴി നേരത്തേ നിയമിതരായവരിൽ ഭൂരിപക്ഷംപേരും കോടതി ഉത്തരവ് മുഖാന്തിരം മാതൃവകുപ്പുകളിലേക്ക് തിരികെ പോയ സാഹചര്യത്തിൽ പുനർവിന്യാസം തുടരുന്നതിന്റെ പ്രസക്തി വ്യക്തമാക്കാമോ;

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ വകുപ്പിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി. ക്ക് എന്ന് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ?

(ഇ) ഓരോ പഞ്ചായത്തിനും ഓരോ എ.ഇ. മാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>സാങ്കേതികവിഭാഗം ജീവനക്കാരുടെ തസ്തിക നികത്തുവാൻ നടപടി</u>

6242 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ 7 പഞ്ചായത്തുകളിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എത്ര തസ്തികകളാണ് ഉള്ളതെന്ന് അറിയിക്കാമോ ; അവയുടെ പട്ടിക നൽകാമോ ;

(ബി) എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(സി) തസ്തിക ഒഴിവുണ്ടെങ്കിൽ അവ നികത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

വികേന്ദ്രീകൃത ആസൂത്രണം ഫലപ്രദമാക്കുന്നതിന് നടപടി

6243 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ബി. സത്യൻ
,, കെ. വി. വിജയദാസ്
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകൃത ആസൂത്രണം ഫലപ്രദമാക്കുന്നതിന് മുൻസർക്കാർ നിയോഗിച്ച ശ്രീ. എം.എ. ഉമ്മൻകമ്മിറ്റി ശുപാർശകൾ എന്തെല്ലാമായിരുന്നു ;

(ബി) എന്തെല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; അവശേഷിക്കുന്നവ നടപ്പിലാക്കുന്നുണ്ടോ ;

(സി) ഇതിനായി എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പൊതു-സ്വകാര്യ-പങ്കാളിത്തം</u>

6244 ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചാത്തല മേഖലയും അടിസ്ഥാന സൗകര്യ വികസനത്തിലും ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളിൽ പൊതു-സ്വകാര്യ-പങ്കാളിത്തം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ജനന സര്‍ട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങള്‍</u>

6245 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 20 വര്‍ഷങ്ങള്‍ക്കുമുമ്പ് ജനിക്കുകയും ഒരു ആശുപത്രി രേഖകളിലും ഉള്‍പ്പെടാതിരിക്കുകയും മാതാപിതാക്കളുടെ അജ്ഞതമൂലം ഒരു റെക്കോര്‍ഡിലും പേര് ഉള്‍പ്പെടുത്തുവാന്‍ സാധിക്കുകയും ചെയ്യാത്ത കുട്ടികളുടെ ജനന സര്‍ട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങള്‍ എന്താണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തില്‍ ജനന സര്‍ട്ടിഫിക്കറ്റുകള്‍ ലഭിക്കാതെ ബുദ്ധിമുട്ടനുഭവിക്കുന്ന വിഷയങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകൾ ജനസംഖ്യ കണക്കുപ്രകാരം വിഭജിക്കാൻ നടപടി</u>

6246

ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനസംഖ്യ കൂടുതലുള്ളതും വിസ്തൃതി കൂടുതലുള്ളതുമായ പഞ്ചായത്തുകൾ 2011 ന്റെ ജനസംഖ്യ കണക്കു പ്രകാരം വിഭജിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പഞ്ചായത്തു വിഭജനം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>പ്രീപെയ്ഡ് ഓട്ടോ ടാക്സി</u>

6247 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവേ സ്റ്റേഷനുകളോടനുബന്ധിച്ചുള്ള പ്രീപെയ്ഡ് ഓട്ടോ ടാക്സി സംവിധാനം എത്ര സ്റ്റേഷനുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്രയെണ്ണം നിർത്തലാക്കിയെന്ന് വ്യക്തമാക്കാമോ; ഏതു സ്റ്റേഷനോടനുബന്ധിച്ചുള്ളതാണ് നിർത്തലാക്കിയത്;

(സി) ഇവ നിർത്തലാക്കിയതിനെതിരായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സംവിധാനം കൂടുതൽ സ്റ്റേഷനുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>'ക്ഷീരസാഗര' പദ്ധതി</u>

6248 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ക്ഷീരസാഗര' പദ്ധതി നടപ്പിലാക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് ലോണും സബ്സിഡിയുമായി എത്ര രൂപയാണ് നൽകുന്നത്; വിശദാംശം നൽകുമോ;

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; കണ്ണൂർ ജില്ലയിലെ മറ്റ് പഞ്ചായത്തുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളിൽ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കുടുംബശ്രീയുണിറ്റുകൾക്ക് നൽകുന്ന വായ്പ</u>

6249 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ യൂണിറ്റുകൾക്ക് ദേശസാത്കൃത ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽനിന്നും നൽകുന്ന വായ്പകളുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്ന വായ്പയുടെ പലിശ നിരക്ക് സഹകരണ ബാങ്കുകൾ വർദ്ധിപ്പിച്ചതായി അറിവുണ്ടോ; എങ്കിൽ എത്ര ശതമാനമായാണ് വർദ്ധിപ്പിച്ചത്;

(സി) കുടുംബശ്രീ യൂണിറ്റുകൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ ലഭ്യമാക്കാൻ അഭ്യർത്ഥിക്കുമോ;

(ഡി) ഒരു ലക്ഷം രൂപയ്ക്ക് ആയിരം രൂപാ വീതം സഹകരണ ബാങ്കുകൾ സർവീസ് ചാർജ് ഈടാക്കുന്നത് ഒഴിവാക്കി നൽകാൻ അഭ്യർത്ഥിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>അരയങ്കോട് സാംസ്കാരികനിലയം തുറന്നു പ്രവർത്തിക്കുന്നതിന് നടപടി</u>

6250 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്ത് അരയങ്കോട് സാംസ്കാരികനിലയം പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സാംസ്കാരികനിലയം പ്രവർത്തനരഹിതമായതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഒരു വ്യക്തി സൗജന്യമായി നല്കിയ സ്ഥലത്താണ് സാംസ്കാരികനിലയം പ്രവർത്തിച്ചിരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വർഷങ്ങളായി തുറന്ന് പ്രവർത്തിക്കാത്തതുമൂലം പ്രദേശത്തെ ജനങ്ങൾക്ക് ലഭിക്കേണ്ട സൗകര്യം നഷ്ടപ്പെടുന്നു എന്ന വസ്തുത പരിഗണിച്ച് പ്രസ്തുത സ്ഥാപനം അടിയന്തിരമായി തുറന്നു പ്രവർത്തിക്കാനാവശ്യമായ നിർദ്ദേശം നല്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>മാരേജ് രജിസ്റ്ററിംഗ് അതോറിറ്റി</u>

6251 ശ്രീ. കെ.എം. ഷാജി
,, റ്റി.എ. അഹമ്മദ് കബീർ
,, എൻ.എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാരേജ് രജിസ്റ്ററിംഗ് അതോറിറ്റിയായി ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥർ ഏതു തസ്തികയിൽ ഉള്ളവരാണെന്ന് വ്യക്തമാക്കുമോ; അതത് ഓഫീസ് മേധാവിക്ക് ചുമതല നൽകുന്നതിന് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) അതോറിറ്റിയായി ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ കുറച്ചുനാൾ ഇല്ലാത്ത അവസ്ഥയിൽ, പകരം ചുമതല നല്കാറുണ്ടോ; അതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കുമോ;

(സി) മാരേജ് സർട്ടിഫിക്കറ്റിനുവേണ്ടി രജിസ്റ്ററിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കേണ്ട രേഖകളും, തെളിവുകളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ചട്ടപ്രകാരമുള്ള രേഖകളും, തെളിവുകളും ഹാജരാക്കിയ ശേഷവും ഭാര്യയും ഭർത്താവും കൂടി നേരിൽ രജിസ്റ്ററിംഗ് അധികാരിയുടെ മുമ്പിൽ ഹാജരായാലേ സർട്ടിഫിക്കറ്റ് നൽകാവൂ എന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പാൻ മസാലകളുടെ ഉപയോഗം</u>

6252 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൻ മസാലകളുടെ അമിത ഉപയോഗംമൂലം ജനങ്ങൾക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാൻമസാലയുടെ വിൽപ്പന നിരോധനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 മീറ്റർ ചുറ്റളവിൽ പാൻമസാലയുടെ വിൽപ്പന നിരോധിച്ചുകൊണ്ടുള്ള നിയമം നിലനിൽക്കെ പ്രസ്തുത സ്ഥാപനങ്ങൾക്കരികിൽ വിൽപ്പന വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉല്പന്നങ്ങളുടെ ഉപയോഗവും വിപണനവും ഫലപ്രദമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ലഹരിവസ്തുക്കളുടെ ഉപയോഗം</u>

6253 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൻപരാഗ് പോലുള്ളവയുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാൻമസാലകൾ നിരോധിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് അറിയിക്കുമോ;

(സി) സ്കൂളുകളുടേയും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും 100 മീറ്റർ ചുറ്റളവിൽ പാൻ മസാലകളുടെ കച്ചവടം തടഞ്ഞുകൊണ്ടുള്ള നിയമം നിലവിലുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഉത്പന്നങ്ങളുടെ ഉപയോഗം തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പഞ്ചതന്ത്രം സോഫ്റ്റ് വെയർ</u>

6254

ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുപ്പാടി ഗ്രാമപഞ്ചായത്ത് ജീവനക്കാരനായ പി. കെ. അബ്ദുൾബഷീർ തയ്യാറാക്കിയ പഞ്ചതന്ത്രം സോഫ്റ്റ് വെയർ എല്ലാ പഞ്ചായത്തിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സോഫ്റ്റ് വെയർ പൊതുജനങ്ങൾക്കും അതുപോലെ ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങൾക്കും ഏറെ പ്രയോജനകരമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>മാലിന്യമുക്ത കേരളം പദ്ധതി</u>

6255 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാലിന്യ നിര്‍മ്മാര്‍ജന പ്രവര്‍ത്തനത്തിന് ആവശ്യമായ ജീവനക്കാരില്ലെന്ന മിക്ക പഞ്ചായത്തുകളുടെയും പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ അത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) പഞ്ചായത്ത് വാര്‍ഡുതല ആരോഗ്യ ശുചിത്വ പ്രവര്‍ത്തനങ്ങള്‍ക്ക് മുന്‍കാലങ്ങളില്‍ നീക്കിവെച്ച തുകയില്‍ ഗണ്യമായ ശതമാനം ചെലവഴിക്കാതെ പോയെന്ന വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ വരും കാലങ്ങളില്‍ അത് പരിഹരിക്കാന്‍ എന്തൊക്കെ നടപടികള്‍ കൈക്കൊള്ളും; വിശദമാക്കുമോ;

(ഇ) 'മാലിന്യമുക്ത കേരളം' പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകള്‍ മുഖേന എന്തൊക്കെ പദ്ധതികള്‍ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

**<u>പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നിയമം</u>**

6256 ശ്രീ. എസ്. ശർമ്മ
,, എ.എം. ആരിഫ്
,, ബി. സത്യൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നിലവിലുള്ള നിയമം പര്യാപ്തമാണോ; വീണ്ടും നിയമനിർമ്മാണം നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; നിയമം ലംഘിച്ച് മാലിന്യങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ കണ്ടുകെട്ടാൻ നിലവിൽ വ്യവസ്ഥയുണ്ടോ;

(ബി) പഞ്ചായത്ത്രാജ്, നഗരപാലിക നിയമങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ച എത്ര വാഹനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് കണ്ടുകെട്ടിയിട്ടുണ്ട്;

(സി) നിയമവ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ്/ഫയൽ മാനേജ്മെന്റ് മെച്ചപ്പെടുത്താൻ നടപടി</u>

6257 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിലെ പ്രതിസന്ധികളെ സംബന്ധിച്ച് വയനാട് ജില്ലയിലെ കണിയമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 09.8.2011-ലെയും പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 26.5.2011-ലെയും നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ തീരുമാനങ്ങൾ പ്രകാരമുള്ള നിവേദനങ്ങളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ;

(സി) പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ്/ഫയൽ മാനേജ്മെന്റ് എന്നിവ മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് രാജ് നിയമം</u>

6258 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 162, 162 (എ) എന്നിവ പ്രകാരം ത്രിതല പഞ്ചായത്തുകളിൽ രൂപീകൃതമായിട്ടുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതിനാൽ ഇവയിൽ അർപ്പിതമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻകഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ വാർഷിക പദ്ധതി</u>

6259 ശ്രീ.എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് തുക നൽകാനുള്ള നിലവിലുള്ള ഘടന വിശദീകരിക്കുമോ;

(ബി) പ്രസ്തുത സംവിധാനം പൂർണ്ണമായും വിജയകരമാണെന്ന് അഭിപ്രായമുണ്ടോ;

(സി) ഇല്ലെങ്കിൽ ഘടനയിൽ മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് റീസൈക്ളിംഗ് യൂണിറ്റ്</u>

6260 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും ഒരു പ്ലാസ്റ്റിക് റീസൈക്ളിംഗ് യൂണിറ്റ് തുടങ്ങണമെന്ന നിര്‍ദ്ദേശം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ എല്ലാ പഞ്ചായത്തുകളിലും ഒരു റീസൈക്ളിംഗ് യൂണിറ്റ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ജൈവ സംസ്കരണ യൂണിറ്റുകൾ</u>

6261

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്ത, പകർച്ചവ്യാധി രഹിത കേരളം എന്ന തീവ്ര ലക്ഷ്യത്തിലേക്കെത്തുന്നതിന് ജൈവ സംസ്കരണ യൂണിറ്റുകൾ ഗ്രാമീണ തലത്തിൽ തുടങ്ങാൻ പദ്ധതിയുണ്ടോ;

(ബി) മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും പഞ്ചായത്തുകളിലും വിദേശ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പൈറോസിസ് മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി എടുക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ശുചിത്വ മിഷന്‍</u>

6262 ശ്രീ. സി. എഫ്. തോമസ്
,, മോന്‍സ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാലിന്യ സംസ്കരണത്തിന് പുതുതായി എടുത്ത തീരുമാനമനുസരിച്ച് ശുചിത്വമിഷന്‍ കൂടുതല്‍ സഹായങ്ങള്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള്‍ക്ക് നല്‍കുമോ;

(ബി) പ്രസ്തുത കാര്യത്തില്‍ എന്തൊക്കെ സഹായങ്ങള്‍ നല്‍കുവാനാണ് തീരുമാനിച്ചിരിക്കുന്നത്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ മാലിന്യമുക്ത പദ്ധതി</u>

6263 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എലിപ്പനി, ഡെങ്കിപ്പനി, കോളറ തുടങ്ങിയ രോഗങ്ങൾ പിടിപെട്ട് ഒരുപാട് പേർ മരണപ്പെടാൻ ഇടയായതിന്റെ മുഖ്യകാരണങ്ങളിൽ ഒന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പ്രദേശങ്ങൾ മാലിന്യമുക്തമാക്കുന്നതിൽ വരുത്തിയ വീഴ്ചയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഗ്രാമപഞ്ചായത്തുകളിൽ മാലിന്യമുക്ത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ഗ്രാറ്റുവിറ്റി തുക ലഭിക്കാത്തതിനെതിരെ നടപടി

6264 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ നിന്നും ജൂനിയർ സൂപ്രണ്ടായി പെൻഷൻ പറ്റിയ ശ്രീ.കുട്ടപ്പന് പെൻഷൻ പറ്റി 12 വർഷം കഴിഞ്ഞിട്ടും ഗ്രാറ്റുവിറ്റി തുക ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വ്യക്തിക്ക് ഗ്രാറ്റുവിറ്റി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ ആഫീസിലെ സി5 -39299/99, ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ ഡി2-4455/99 എന്നീ ഫയലുകളിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ ;

(സി) ഗ്രാറ്റുവിറ്റി നൽകുന്നതിലുണ്ടായ കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

പഞ്ചായത്ത് സെക്രട്ടറിമാരുടെ പുന:ക്രമീകരണം

6265 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഓരോ പഞ്ചായത്തുകളിലും കഴിഞ്ഞ വർഷം എത്ര ദിവസം തൊഴിൽ നൽകി; തുക ചെലവഴിക്കാത്ത പഞ്ചായത്തുകളുണ്ടോ; വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ നഗരസഭയും, പഞ്ചായത്തുകളും കർഷകതൊഴിലാളി പെൻഷൻ വിതരണം ചെയ്യാതിരുന്നിട്ടുണ്ടോ; വിതരണത്തിൽ കാലതാമസം വന്നിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; പഞ്ചായത്ത് സെക്രട്ടറിമാരുടെ പുന;ക്രമീകരണം നടക്കാത്തതുമൂലവും, സാങ്കേതിക ജീവനക്കാരുടെയും വി.ഒമാരുടെയും നിയമനം നടക്കാത്തതുമൂലവും പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

എൽ. എസ്. ജി. ഡി. യിലെ നിയമനങ്ങളുടെ വിശദാംശം

6266 ശ്രീ. മോൻസ് ജോസഫ്
,, റ്റി.യു കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പി. ഡബ്ല്യൂ. ഡി./ ഇറിഗേഷൻ വകുപ്പിൽ നിന്ന് എത്ര ജീവനക്കാരെ എൽ. എസ്. ജി.ഡി. യിലേക്ക് മാറ്റി നിയമിച്ചു; ഇതിൽ എത്ര ഓവർസിയർമാർ ഉണ്ട്; മറ്റു തസ്തികകളിൽ എത്ര പേർ ഉണ്ട്;

(ബി) എൽ. എസ്. ജി. ഡി. യിൽ ജോയിൻ ചെയ്യാത്തവർ എത്ര പേർ എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; ഇവർക്കെതിരെ എന്ത് നടപടിയെടുത്തു; വിശദമാക്കാമോ;

(സി) എൽ. എസ്. ജി. ഡി. യിൽ എഞ്ചിനീയറിംഗ് വിംഗിൽ ഇപ്പോൾ ഒഴിവുകൾ നിലവിലുണ്ടോ; അവ നികത്തിയിട്ടുണ്ടോ; എൽ. എസ്. ജി. ഡി. എഞ്ചിനീയറിംഗ് വിംഗിലേക്ക് പ. എസ്.സി പുതുതായി അപേക്ഷ ക്ഷണിച്ച് നിയമനം നടത്തിയിട്ടുണ്ടോ;

(ഡി) ജീവനക്കാരുടെ സമ്മതമില്ലാതെ എൽ. എസ്. ജി. ഡി. യിലേക്ക് അബ്സോർബ് ചെയ്ത പി. ഡബ്ല്യൂ. ഡി/ ഇറിഗേഷൻ എഞ്ചിനീയറിംഗ് ജീവനക്കാരെ തിരിച്ച് മാതൃസ്ഥാപനത്തിലേക്ക് വിടുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

## III ഗ്രേഡ് ഓവർസിയർ നിയമനം

6267

### ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ 3rd ഗ്രേഡ് ഓവർസിയർ മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിലേയ്ക്കായി പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും കാസർഗോഡ് ജില്ലയിലുള്ള 3rd ഗ്രേഡ് ഓവർസിയർ തസ്തിക നികത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എങ്കിൽ തടസ്സങ്ങൾ ഒഴിവാക്കി നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

3rd ഗ്രേഡ് ഓവർസിയർ തസ്തിക

6268

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര 3rd ഗ്രേഡ് ഓവർസിയർ തസ്തിക ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തിക എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതിൽ എത്ര തസ്തിക പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്രയും പെട്ടെന്ന് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വര്‍ക്കിംഗ് അറേഞ്ച്മെന്റ്</u>

6269 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്ത് വകുപ്പില്‍ കാസര്‍ഗോഡ് ജില്ലയിലേക്ക് പ്രമോഷന്‍ ട്രാന്‍സ്ഫര്‍ ആയ വ്യക്തി, ഉടന്‍ തന്നെ വര്‍ക്കിംഗ് അറേഞ്ചുമെന്റില്‍ തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം നേടിയ കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) വര്‍ക്കിംഗ് അറേഞ്ച്മെന്റ് മൂലം, കാസര്‍ഗോഡ് ജില്ലയിലെ ഒഴിവു വന്ന പ്രസ്തുത തസ്തികയില്‍, നേരത്തെ ഉണ്ടായിരുന്ന ആള്‍ ചെയ്തിരുന്ന ജോലി ഇനി ആരാണ് ചെയ്യുക എന്ന് വ്യക്തമാക്കാമോ;

(സി) പഞ്ചായത്ത് വകുപ്പില്‍ ജില്ലമാറിയുളള വര്‍ക്കിംഗ് അറേഞ്ച്മെന്റ് അനുവദിക്കുമ്പോള്‍ ജില്ലയിലെ സ്റ്റേഷന്‍ സീനിയോറിറ്റി പരിഗണിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ സീനിയോറിറ്റി പരിഗണിക്കാത്തതിന് കാരണം വിശദമാക്കാമോ;

(ഡി) അന്യായമായ ഇത്തരം നടപടികള്‍ പുന:പ്പരിശോധിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്തുകള്‍ക്ക് കൂടുതല്‍ ജീവനക്കാരെ അനുവദിക്കുന്നതിന് നടപടി</u>

6270 ശ്രീ.തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളില്‍ ആവശ്യത്തിന് ജീവനക്കാര്‍ ഇല്ലാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ ആയത് പരിഹരിക്കുവാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ത്രിതല പഞ്ചായത്തുകള്‍ക്ക് കൂടുതല്‍ അധികാരങ്ങളും ജോലികളും നല്കിയ സാഹചര്യത്തില്‍ പഞ്ചായത്തുകളില്‍ കൂടുതല്‍ ജീവനക്കാരെ അനുവദിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ ;

(സി) എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിൽ ഒഴിവുകൾ നികത്തുന്നതിന് നടപടി</u>

6271 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

ഐ. കെ. എം. നിയമനം

6272 കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. കെ. എം. ജീവനക്കാരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) മാനദണ്ഡങ്ങൾ അനുസരിച്ച് നിയമനം നേടിയവർ എത്ര പേരുണ്ട്;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ നിയമനം നേടിയവരുണ്ടോ; എങ്കിൽ ആരൊക്കെ എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എന്ത് വ്യവസ്ഥയിലാണ് ഇവരെ നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഇതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് നിരോധനവും മാലിന്യനിർമ്മാർജ്ജനവും</u>

6273 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് കവറുകളുടെ നിർമ്മാണവും വ്യാപാര സ്ഥാപനങ്ങൾ വഴിയുള്ള ഇവയുടെ വിതരണവും നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പകരമായി തുണി, ചണം, പേപ്പർ ക്യാരി ബാഗുകളും അനുബന്ധ ഉല്പന്നങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രസ്തുത ഉല്പന്നങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമോ;

(സി) വഴിയരുകിൽ മാലിന്യ നിക്ഷേപം തടയുന്നതിന് ആവശ്യമായ നിയമനിർമ്മാണവും അതിനോടനുബന്ധിച്ചുള്ള നടപടികളും നടപ്പാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) പഞ്ചായത്തുകളിലെ കോഴിക്കടകൾ, ഇറച്ചിവെട്ടു കേന്ദ്രങ്ങൾ, ചന്തകൾ, ഹോട്ടലുകൾ തുടങ്ങിയവയ്ക്കു മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ കർശനമാക്കി നിയമം കൊണ്ടുവരുമോ;

(ഇ) രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന താൽക്കാലിക തട്ടുകടകൾ, മറ്റു കച്ചവടങ്ങൾ തുടങ്ങിയവയ്ക്കായി പൊതുവായ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വരുമാനം കുറവുള്ള പഞ്ചായത്തുകളെ സഹായിക്കുന്നതിന് പദ്ധതികൾ</u>

6274 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരുമാനം കുറവുള്ള പഞ്ചായത്തുകളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ ;

(ബി) സ്വന്തമായി കെട്ടിടസൗകര്യമില്ലാത്ത പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കാൻ കഴിയുമോ ; വ്യക്തമാക്കാമോ ;

(സി) പഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗമായ വീട്ടുകരം, തൊഴിൽകരം, ലൈസൻസ് ഫീസ് ഇവ വർദ്ധിപ്പിക്കാൻ എന്തെങ്കിലും ആലോചനയുണ്ടോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

പട്ടികജാതി പട്ടികവര്‍ഗ്ഗ കോളനികളിലെ കുടിവെള്ള പദ്ധതി

6275 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്തുകള്‍ക്ക് കൈമാറ്റം ചെയ്യപ്പെട്ടതോ, ഗ്രാമപഞ്ചായത്തുകള്‍ തന്നെ ആരംഭിച്ചതോ ആയ കുടിവെള്ള പദ്ധതികളില്‍, ദരിദ്ര പട്ടികജാതി/പട്ടികവര്‍ഗ്ഗ കുടുംബങ്ങള്‍ക്ക് മാത്രമായുള്ളവരുടെ കറണ്ട് ചാര്‍ജ്ജും മറ്റ് നടത്തിപ്പ് ചെലവുകളും വഹിക്കുന്നതിന് ഇപ്പോള്‍ ഗ്രാമപഞ്ചായത്തുകള്‍ക്ക് ചുമതലയുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത ചുമതല നിര്‍വ്വഹിക്കുന്നതിന് തടസ്സം നില്‍ക്കുന്ന ഏതെങ്കിലും സര്‍ക്കാര്‍ ഉത്തരവ് നില നില്‍ക്കുന്നുണ്ടോ;

(സി) ദരിദ്ര കോളനികളിലേക്കുള്ള കുടിവെള്ള പദ്ധതികള്‍ തടസ്സമില്ലാതെ പ്രവര്‍ത്തിപ്പിക്കുവാന്‍ ഗ്രാമപഞ്ചായത്തുകളോട് നിര്‍ദ്ദേശിക്കാമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവത്ക്കരണം</u>

6276 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേസസ്വയംഭരണ സ്ഥാപങ്ങളിലെ കമ്പ്യൂട്ടർവത്ക്കരണം ഏതുഘട്ടംവരെയായി; സംസ്ഥാനത്ത് എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ സേവനം ലഭ്യമാക്കി എന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭിക്കുവാനും വേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) അമ്പലപ്പുഴ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കമ്പ്യൂട്ടർ വത്ക്കരണം നടപ്പാക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ കേന്ദ്ര - സംസ്ഥാന പദ്ധതികൾ</u>

6277 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പഞ്ചായത്ത് വകുപ്പ് നടപ്പിലാക്കിയ കേന്ദ്ര-സംസ്ഥാന പദ്ധതികൾ പ്രകാരമുളള പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതികൾക്കും അനുവദിച്ച തുക എത്ര;

(സി) പ്രസ്തുത പദ്ധതികൾ പ്രകാരം പണി പൂർത്തിയാക്കിയ പ്രവൃത്തികൾ എതെല്ലാമെന്നും പണി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ഡി) പണി ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികൾ എതെല്ലാമെന്നും പ്രസ്തുത പ്രവ്യത്തികൾ ആരംഭിക്കുന്നതിലെ കാലതാമസം എന്തെന്നും വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയ കേന്ദ്ര-സംസ്ഥാന പദ്ധതികൾ പ്രകാരമുള്ള പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ തുക അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

ത്രിതല പഞ്ചായത്തുകളുടെ വൈദ്യുത പദ്ധതികൾ

6278 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾ വൈദ്യുത പദ്ധതികൾ നടത്തിവരുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളാണ് ഇപ്രകാരം പദ്ധതികൾ നടത്തിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇവയിൽ ഏതെങ്കിലും പദ്ധതികൾ വിജയപ്രദമാണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഐ. എ. വൈ. പദ്ധതി</u>

6279 ശ്രീ. പി. റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് മൂന്ന് മന്ത്രിമാരുടെ കീഴിൽ വരുന്ന സാഹചര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ. എ. വൈ. പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടുള്ള ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി നടപ്പിൽ വരുത്തുന്നതിൽ പ്രായോഗിക വൈഷമ്യങ്ങൾ നേരിടുന്നുണ്ടോ;

(സി) എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിലുള്ള ട്രാൻസ്ഫർ സംബന്ധിച്ച് എന്തെങ്കിലും വൈഷമ്യങ്ങൾ നേരിടുന്നുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ബ്ലോക്കിൽ ഒരു വൈദ്യുത ശ്മശാനം</u>

6280 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരണപ്പെടുന്ന ആളുകളുടെ മൃതശരീരം മറവ് ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ തീരെ അപര്യാപ്തമാണെന്ന കാര്യവും, പൊതുസ്ഥലങ്ങളിലും മറ്റും മറവ് ചെയ്യുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രശ്നത്തിന് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളുടേയും കീഴിൽ ''ബ്ലോക്കിൽ ഒരു വൈദ്യുത ശ്മശാനം'' തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

എടപ്പാൾ സി.എച്ച്.സി. യുടെ ചുമതല ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ നടപടി

6281

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടപ്പാൾ പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടും സി. എച്ച്.സി. യുടെ ഭരണചുമതല ഇപ്പോഴും ഗ്രാമപഞ്ചായത്തിനു തന്നെയാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സി.എച്ച്.സി. ആക്കി ഉയർത്തിയ സാഹചര്യത്തിൽ ഇതിനാവശ്യമായ ഫണ്ട് ഗ്രാമപഞ്ചായത്തിന് വകയിരുത്താൻ കഴിയില്ല എന്നുള്ള കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന് സി.എച്ച്.സി. യുടെ ഭരണചുമതല കൈമാറിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി ഏതുഘട്ടം വരെയായി എന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ റോഡുകൾ</u>

6282

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള റോഡുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റോഡുകളിൽ ഓരോന്നിന്റെയും ദൂരം എത്രയെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പഞ്ചായത്ത് ജനപ്രതിനിധികള്‍ക്ക് പെന്‍ഷന്‍</u>

6283 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പഞ്ചായത്ത് ജനപ്രതിനിധികള്‍ക്ക് പെന്‍ഷന്‍ അനുവദിക്കുന്നതിനുള്ള നിയമം കൊണ്ടുവരുന്ന കാര്യത്തില്‍ എന്തെങ്കിലും തടസ്സങ്ങള്‍ ഉണ്ടോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>ഹോം കെയർ സംവിധാനം</u>

6284 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാന്ത്വന പരിചരണനയം (പാലിയേറ്റീവ് കെയർ പോളിസി) വഴി ആരംഭിച്ച ഹോം കെയർ സംവിധാനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര പഞ്ചായത്തുകളിൽ ഹോം കെയർ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു;

(സി) ഈ സംവിധാനം ഇല്ലാത്ത പഞ്ചായത്തുകളിൽ ഇത് അടിയന്തിരമായി നടപ്പിൽ വരുത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>വയോജന സംരക്ഷണ നിയമം</u>

6285 ശ്രീ.പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മക്കളും, ബന്ധുജനങ്ങളും ഉപേക്ഷിച്ച വയോജനങ്ങളുടെ സംരക്ഷണാർത്ഥം നടപ്പിലാക്കിയ വയോജന സംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ ഈ നിയമപ്രകാരം എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട്;

(സി) പ്രസ്തുത നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>കാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം</u>

6286 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുടെ സഹായത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ;

(ബി) നിർദ്ധനരായ കാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>പാലിയേറ്റീവ് പരിചരണ പദ്ധതി</u>

6287

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് ഇപ്പോൾ എത്ര ഗ്രാമപഞ്ചായത്തുകളിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സർക്കാർ പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പിലാക്കുന്നത്;

(ബി) നാദാപുരം മണ്ഡലത്തിലെ എത്ര ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നുണ്ടെന്ന് പേരുസഹിതം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ഇതുവരെയും നടപ്പിലാക്കാത്ത ഗ്രാമപഞ്ചായത്തുകളിൽ കൂടി ഇവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം മണ്ഡലത്തിലെ അംഗൻവാടികൾ</u>

6288 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) സ്വന്തം കെട്ടിടങ്ങൾ ഉള്ള അംഗൻവാടികൾ എത്ര; അവ ഏതെല്ലാം;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ എത്ര; അവ ഏതെല്ലാം;

(ഡി) സ്ഥലം ലഭ്യമാക്കിയാൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാർക്ക് പ്രോത്സാഹനം</u>

6289 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി സ്ഥാപനങ്ങളെ വനിതകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) അംഗൻവാടികളിൽ ആധുനിക വിവരസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുമോ;

(സി) അംഗൻവാടികളിലെ ജീവനക്കാർക്ക് പ്രോത്സാഹനങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ഗ്രാന്റ് നൽകുന്ന തിരുവനന്തപുരം ജില്ലയിലെ സ്ഥാപനങ്ങൾ</u>

6290 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ഗ്രാന്റ് നൽകുന്ന എത്ര സ്ഥാപനങ്ങൾ തിരുവനന്തപുരം ജില്ലയിൽ ഉണ്ട്; പേരുൾപ്പെടെ വ്യക്തമാക്കാമോ;

(ബി) എത്ര തുക വീതമാണ് ഗ്രാന്റായി നൽകുന്നത്; ഇനം തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പോഷകാഹാര പ്രോജക്ടുകൾക്കുള്ള ഭക്ഷ്യവസ്തുക്കൾ</u>

6291 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളിൽ നടപ്പിലാക്കുന്ന പോഷകാഹാര പ്രോജക്ടുകൾക്കുള്ള ഭക്ഷ്യവസ്തുക്കൾ സിവിൽ സപ്ലൈസ് മുഖേന മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന ഉത്തരവ് സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥർ അട്ടിമറിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>അവശത അനുഭവിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികൾ</u>

6292 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വയോജനങ്ങൾക്കും, ഫിസിക്കലി-മെന്റലി-അവശതകൾ അനുഭവിക്കുന്നവർക്കും പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും കൂടുതൽ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സാമൂഹ്യ സുരക്ഷാ മിഷൻ ജീവനക്കാരുടെ വിവരങ്ങൾ</u>

6293

ശ്രീ. പി. ബി. അബ്ദുൾ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷനിൽ എത്ര ഉദ്യോഗസ്ഥരാണുള്ളത് എന്നതിന്റെ വിവരം നൽകാമോ;

(ബി) ഓരോരുത്തരുടെയും ശമ്പള സ്കെയിലും ഓരോരുത്തരുടെയും നിയമന രീതിയും വ്യക്തമാക്കുമോ;

(സി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര പേർ ജോലി ചെയ്യുന്നു; അവർ ഓരോരുത്തരും ഏതെല്ലാം ഓഫീസുകളിൽ നിന്നുള്ളവരാണെന്നു വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും സ്ഥാപനത്തിൽ കോൺട്രാക്റ്റ് നിയമന പ്രകാരം ജോലി ചെയ്തിരുന്ന ആരെങ്കിലും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലോ മറ്റു നിയമന വ്യവസ്ഥയിലോ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ ഏതു നിയമ വ്യവസ്ഥ പ്രകാരമാണ് നിയമനം നൽകിയതെന്നും കോൺട്രാക്റ്റ് നിയമനത്തിലെ ശമ്പള സ്കെയിൽ ഏതായിരുന്നു എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വൈകല്യമുള്ളവർക്കായി മാറ്റിവെച്ച ഒഴിവുകൾ</u>

6294 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈകല്യമുള്ളവർക്കായി മാറ്റിവെച്ച 1144 ഒഴിവുകൾ ഏതെല്ലാം തസ്തികകളാണെന്ന് വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാം വിഭാഗം വൈകല്യമുള്ളവർക്കാണ് മാറ്റിവെച്ചിട്ടുള്ളതെന്നും ഓരോ വിഭാഗത്തിനും എത്രവീതമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

6295 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വികലാംഗർക്കും സാമൂഹ്യക്ഷേമ വകുപ്പ് മുഖേന തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും ജില്ലകളിൽ എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകി സമ്പൂർണ്ണമായും തിരിച്ചറിയൽ കാർഡ് നൽകിയ ജില്ല എന്ന ഖ്യാതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) വികലാംഗരുടെ തിരിച്ചറിയൽ കാർഡ് ഏതെല്ലാം ആവശ്യങ്ങൾക്കും ആനുകൂല്യങ്ങൾക്കും പ്രയോജനപ്പെടുത്തുവാൻ കഴിയും എന്നു നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വൈകല്യനിർണ്ണയ ക്യാമ്പ് മുഖേന വികലാംഗർക്ക്
തിരിച്ചറിയൽ കാർഡ്</u>

6296 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈകല്യനിർണ്ണയ മെഡിക്കൽ ക്യാമ്പ് മുഖേന എത്ര വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്; ഇതിനായി എന്തു തുക ചെലവായി;

(ബി) ക്യാമ്പ് സംഘടിപ്പിക്കും മുമ്പ് സംസ്ഥാനത്തെ വികലാംഗരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിവിധ വിഭാഗങ്ങളിലായി എത്ര വികലാംഗരുണ്ടെന്നതിന്റെ കണക്ക് ഇനം തിരിച്ച് നൽകാമോ;

(സി) മുമ്പ് വികലാംഗ ക്ഷേമ കോർപ്പറേഷൻ, വികലാംഗ കമ്മീഷണറേറ്റ് എന്നിവ മുഖേന തിരിച്ചറിയൽ കാർഡ് നൽകിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒരു കാർഡ് കൈവശമുളളവർക്ക് വീണ്ടും കാർഡ് നൽകിയിട്ടുണ്ടോ;

(ഡി) ഇതിനായി എത്ര ക്യാമ്പുകൾ സംഘടിപ്പിച്ചു, എവിടെയെല്ലാം; ഓരോ ക്യാമ്പിലും എത്ര പേർ വീതം പങ്കെടുത്തു; അവരിൽ എത്ര പേർക്ക് വീതം കാർഡ് നൽകി എന്നീ വിവരങ്ങൾ നൽകാമോ;

(ഇ) ഒരു തിരിച്ചറിയൽ കാർഡ് നൽകാൻ ശരാശരി എന്തു തുക ചെലവായി; ഈ കാർഡ് എന്തിനെല്ലാം ഉപയോഗപ്പെടുത്താം?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സ്റ്റേറ്റ് കമ്മീഷണറേറ്റ്</u>

6297 ശ്രീ. വി. പി. സജീന്ദ്രൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈകല്യമുള്ളവർക്കുവേണ്ടി രൂപീകരിച്ച സ്റ്റേറ്റ് കമ്മീഷണറേറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പരിപാടികൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് കമ്മീഷണറേറ്റിൽ നിലവിലുള്ളത്;

(സി) വൈകല്യമുള്ളവരുടെ നേട്ടങ്ങൾക്കായി തുക വിനിയോഗിക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഊർജ്ജിതപ്പെടുത്താൻ ശ്രമിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വികലാംഗരുടെ ലോൺ കുടിശ്ശിക എഴുതിതള്ളാൻ നടപടി</u>

6298 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ കുടിശ്ശികയായിട്ടുള്ള ലോണുകൾ എഴുതിതള്ളുകയോ അല്ലെങ്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് ആശ്വാസം നൽകുകയോ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വികലാംഗരുടെ പുനരധിവാസത്തിന് വിപുലമായ ഒരു പാക്കേജ് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) വികലാംഗരുടെ തൊഴിൽ സംവരണം കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വികലാംഗർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടികൾ</u>

6299 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വികലാംഗർക്ക് നേരെ എത്ര അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) അതിക്രമങ്ങൾ നടത്തിയവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) വികലാംഗർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വികലാംഗക്ഷേമ വകുപ്പ് രൂപീകരണം</u>

6300 ശ്രീ.എ. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവരെ സ്വയം പര്യാപ്തതയുള്ളവരാക്കുന്നതിനും നൂതന പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ടോ;

(ബി) ഇതിനായി ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(സി) വികലാംഗരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് വികലാംഗക്ഷേമ വകുപ്പ് രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വികലാംഗ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനകൾ</u>

6301 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികലാംഗക്ഷേമത്തിനായി പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് സംഘടനകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റേർഡ് സംഘടന എന്ന ലേബലിൽ അനധികൃത പണപ്പിരിവു നടത്തുന്ന സംഘടനകളെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അനധികൃത സംഘടനകളുടെ പ്രവർത്തനം തടയുന്നതിനും, നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) ഇതിനായി മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കോക്ലിയര്‍ ഇംപ്ലാന്റേഷന്‍</u>

6302 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബി. പി. എല്‍, എ. പി. എല്‍ വ്യത്യാസം കോക്ലിയര്‍ ഇംപ്ലാന്റേഷന്‍ പദ്ധതിയില്‍ ബാധകമാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി എന്നുമുതലാണ് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട സാമ്പത്തിക സഹായം എപ്രകാരമാണ് നല്‍കാന്‍ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വിവിധ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ</u>

6303 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും വൃദ്ധസദനങ്ങൾക്കും അവയുടെ സുഗമമായ പ്രവർത്തനത്തിന് രജിസ്ട്രേഷൻ സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് നൽകിവരുന്ന സഹായങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ഭൗതിക ചുറ്റുപാടും, പ്രവർത്തന ശൈലിയും നിരീക്ഷിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും നിലവിലുള്ള സർക്കാർ സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>നിർത്തൽ ചെയ്ത തസ്തികകളുടെ പുനസ്ഥാപനം</u>

6304 ഡോ. എൻ. ജയരാജ്
ശ്രീ. സി. എഫ്. തോമസ്
,, പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുമൂഹ്യക്ഷേമവകുപ്പിൽ നിർത്തൽ ചെയ്ത തസ്തികകൾ പുനസ്ഥാപിക്കുന്നതിനായി നിയമസഭാ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി സാമൂഹ്യക്ഷേമവകുപ്പിൽ നിന്ന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>ട്രൈസൈക്കിൾ-കാലിപ്പർ യൂണിറ്റുകൾ</u>

6305 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗക്ഷേമ വകുപ്പിന്റെ കീഴിൽ ട്രൈസൈക്കിൾ, കാലിപ്പർ എന്നിവ നിർമ്മിച്ചു നൽകുന്നതിനുള്ള യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ എപ്പോൾ മുതൽ അവ പ്രവർത്തിക്കുന്നു;

(ബി) ഓരോ യൂണിറ്റിലും അത് ആരംഭിക്കുമ്പോൾ നിയമിച്ചിരുന്ന ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(സി) ഈ യൂണിറ്റുകളിലൂടെ ഇതേവരെ മൊത്തം എത്ര കാലിപ്പറുകളും ട്രൈസൈക്കിളുകളും മറ്റുപകരണങ്ങളും നിർമ്മിച്ച് വിതരണം നടത്തിയിട്ടുണ്ട്;

(ഡി) കഴിഞ്ഞ അഞ്ചു വർഷത്തെ പ്രതിവർഷ ഉൽപാദനത്തിന്റെ കണക്ക് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഓരോ യൂണിറ്റിലും ഇപ്പോൾ ഏതൊക്കെ കാറ്റഗറിയിൽപ്പെട്ട എത്ര ജീവനക്കാർ പ്രവർത്തിക്കുന്നു; ഇവർക്കായി കഴിഞ്ഞ അഞ്ചുവർഷം ശമ്പളവും, അലവൻസുകളുമുൾപ്പെടെ പ്രതിവർഷം എന്തുതുക ചെലവായി?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>ഐ. സി. ഡി. എസ്. കളിലെ പ്രമോഷനുകൾ</u>

6306 ഡോ. എൻ. ജയരാജ്
ശ്രീ. സി. എഫ്. തോമസ്
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ഐ. സി. ഡി. എസ്. കളിലെ സി. ഡി. പി. ഒ., എ. സി. ഡി. പി. ഒ. തസ്തികകളിലേയ്ക്ക് താൽക്കാലികമായി എത്ര പ്രൊമോഷനുകൾ 2010 വർഷം നടത്തിയിട്ടുണ്ട്;

(ബി) മേൽ പ്രസ്താവിച്ച പ്രൊമോഷനുകൾ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചാണോ നടപ്പിലാക്കിയിട്ടുള്ളത്;

(സി) അല്ലെങ്കിൽ ക്രമപ്രകാരമല്ലാത്ത പ്രൊമോഷനുകൾ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

വാര്‍ദ്ധക്യകാല പെന്‍ഷന്‍ അപേക്ഷകള്‍

6307 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വാര്‍ദ്ധക്യകാല പെന്‍ഷനുള്ള അപേക്ഷകള്‍ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളില്‍ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ അപേക്ഷകള്‍ തീര്‍പ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്;

(സി) കൊല്ലം കോര്‍പ്പറേഷനില്‍ എത്ര അപേക്ഷകളാണ് കെട്ടിക്കിടക്കുന്നത്;

(ഡി) വാര്‍ദ്ധക്യകാല പെന്‍ഷന്‍ കുടിശ്ശികയില്ലാതെ നല്‍കുന്നതിനുള്ള തുക അടിയന്തിരമായി അനുവദിക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണത്തിന് ധനസഹായം</u>

6308 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വന്തം കെട്ടിടമില്ലാത്ത അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിന് എന്തെങ്കിലും ധനസഹായം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ'

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>അന്നദായിനി പദ്ധതി</u>

6309 ശ്രീ. മഞ്ഞളാംകുഴി അലി
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ അന്നദായിനി പദ്ധതി ഏതെല്ലാം ആദിവാസി കോളനികളിലാണ് നടപ്പാക്കുന്നത്;

(ബി) എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്;

(സി) ഭക്ഷണം തയ്യാറാക്കി കോളനികളിൽ എത്തിച്ച് വിതരണം നടത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന്റെ വിശദവിവരം നൽകാമോ;

(ഡി) ഭക്ഷണ വിതരണത്തിന് ഒരാൾക്ക് പ്രതിമാസം എന്തു തുക ചെലവു വരുന്നു;

(ഇ) അതത് കോളനികളിൽ ഭക്ഷ്യവസ്തുക്കൾ എത്തിച്ചു കൊടുത്ത് അവർ തന്നെ പാചകം ചെയ്ത് വിതരണം ചെയ്യുന്ന സംവിധാനം പരീക്ഷിച്ചിട്ടുണ്ടോ; ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>താലോലം പദ്ധതി</u>

6310 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ താലോലം പദ്ധതി എന്നു മുതലാണ് നടപ്പാക്കിത്തുടങ്ങിയത് ;

(ബി) ഈ പദ്ധതി പ്രകാരം ഏതൊക്കെ രോഗം ബാധിച്ച കുട്ടികൾക്കാണ് സൗജന്യ ചികിത്സ അനുവദിക്കാറുള്ളത് ; സഹായം നല്കുന്നതിനു നിശ്ചയിച്ച മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ;

(സി) സൗജന്യ ചികിത്സ ഏത് ആശുപത്രികൾ മുഖേനയാണ് നല്കിയിട്ടുള്ളത് ;

(ഡി) ചികിത്സാ സഹായം പണമായാണോ നല്കിയത് എന്ന് വ്യക്തമാക്കുമോ ;

(ഇ) 2010-2011ൽ എത്ര കുട്ടികൾക്ക് സഹായം നല്കി ; അവരിൽ എത്ര കുട്ടികളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞു ; ഓരോ കുട്ടിയ്ക്കും വേണ്ടി എന്തു തുക വീതം ചെലവഴിച്ചു ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാനയം

6311 ശ്രീ. എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. കെ. ബഷീർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാനയം രൂപീകരിക്കാൻ നിയോഗിച്ച സമിതിയുടെ ഘടന എന്താണെന്ന് വിശദമാക്കുമോ;

(ബി) നയരൂപീകരണത്തിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശമെന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച ശുപാർശ സമർപ്പിക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കുട്ടികളുടേയും സ്ത്രീകളുടേയും ക്ഷേമത്തിന് പ്രത്യേക വകുപ്പ്</u>

6312 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടേയും സ്ത്രീകളുടേയും ക്ഷേമത്തിന് പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കുമായി ക്ഷേമപ്രവർത്തനങ്ങൾ</u>

6313

ശ്രീ. സി. പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമായി എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്;

(ബി) പ്രസ്തുത ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനം അപര്യാപ്തമാണോ;

(സി) എങ്കിൽ ഇവർക്കുവേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>പോഷകാഹാര നയം</u>

6314 ശ്രീ. ജോസഫ് വാഴക്കന്‍
'' എ. റ്റി. ജോര്‍ജ്
'' ഹൈബി ഈഡന്‍
'' പി. എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോഷകാഹാര നയം നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എങ്ങനെ വിനിയോഗിക്കണമെന്നാണ് കരട് നയത്തില്‍ ഉള്‍ക്കൊള്ളിച്ചിട്ടുള്ളത്;

(ബി) കുടുംബശ്രീ, അയല്‍ക്കൂട്ടങ്ങള്‍ വഴി ബോധവല്‍ക്കരണം നടത്താന്‍ ശ്രമിക്കുമോ;

(സി) ഭക്ഷ്യവസ്തുക്കള്‍ വീടുകളില്‍ തന്നെ ഉല്പാദിപ്പിക്കുന്നതിന് അയല്‍ക്കൂട്ടങ്ങളെ ശക്തമാക്കുമോ;

(ഡി) സന്നദ്ധസംഘടനകള്‍ എന്‍. ജി. □ഒ . കള്‍ എന്നിവരെ പ്രസ്തുത ശ്രമത്തില്‍ പങ്കാളികളാക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പോഷകാഹാര നയം</u>

6315 ശ്രീ. ജോസഫ് വാഴക്കൻ
,, എ.റ്റി. ജോർജ്
,, അൻവർ സാദത്ത്
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പോഷകാഹാര നയത്തിന്റെ കരടിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഈ കരട് നയം ഏതെല്ലാം വകുപ്പുകളിലെ വിദഗ്ദ്ധരുടെ സഹായത്തോടെയാണ് തയ്യാറാക്കിയിട്ടുളളത്;

(സി) നയം എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുളളത്;

(ഡി) ഇത് നടപ്പാക്കുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>പോഷകാഹാര രംഗത്തെ പ്രശ്നങ്ങൾ</u>

6316 ശ്രീ. വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ
,, എം. എ. വാഹീദ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോഷകാഹാര രംഗത്തെ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും ഗവേഷണങ്ങൾക്കുമായി എന്തെല്ലാം പദ്ധതികളാണ് പോഷകാഹാര നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഇതിനായി ബന്ധപ്പെട്ട വകുപ്പിന് കീഴിൽ പ്രത്യേക സംഘത്തെ നിയോഗിക്കുമോ;

(സി) ഇത്തരം സംഘത്തിന്റെ പ്രവർത്തനം എങ്ങനെയായിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പോഷകാഹാര കൗൺസിൽ</u>

6317 ശ്രീ. ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോഷകാഹാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പോഷകാഹാര കരട് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) ഇതിനായി സംസ്ഥാന ജില്ലാ തലത്തിൽ പോഷകാഹാര കൗൺസിലുകൾക്ക് രൂപം നൽകുമോ;

(സി) ഇത്തരം കൗൺസിലുകളുടെ പ്രവർത്തനരീതി എങ്ങനെയായിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>പോഷകാഹാര നയത്തിൽ ബേക്കറി സാധനങ്ങളും</u>

6318 ശ്രീ.പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേക്കറികൾക്കും ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന കടകൾക്കും നിയന്ത്രണം ഏർപ്പെടുത്താനുള്ള ശുപാർശകൾ കരട് പോഷകാഹാര നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള കാരണങ്ങൾ എന്തൊണെന്നു വെളിപ്പെടുത്തുമോ ;

(സി) ബേക്കറികൾക്കും കടകൾക്കും തദ്ദേശസ്ഥാപനങ്ങളിൽ രജിസ്ട്രേഷൻ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 31.10.2011-ലെ മറുപടിക്ക്

<u>പോഷകാഹാര കരട് നയവും കുഞ്ഞുങ്ങളും</u>

6319 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോഷകാഹാര കരടു നയത്തിൽ പിഞ്ചു കുഞ്ഞുങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം ശുപാർശകളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്;

(ബി) വീടുകളിൽ ഉണ്ടാക്കുന്ന ആഹാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് നയത്തിൽ മുൻഗണന നൽകുമോ;

(സി) ഇവരുടെ ആരോഗ്യ സംരക്ഷണത്തിന് നയത്തിൽ പ്രത്യേക പാക്കേജ് ഉൾപ്പെടുത്തുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വനിതാ കമ്മീഷൻ ശക്തിപ്പെടുത്തൽ</u>

6320 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ കമ്മീഷൻ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) സ്ത്രീശാക്തീകരണത്തിന് ഉതകുന്ന കാര്യക്ഷമമായ പ്രവർത്തനം നടപ്പാക്കാൻ വനിതാ കമ്മീഷന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്;

(സി) കമ്മീഷന് ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുവാൻ നടപടിയെടുക്കുമോ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം</u>

6321

ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) കോർപ്പറേഷന്റെ സ്വയംതൊഴിൽ പദ്ധതികൾക്കായി ഏതെല്ലാം ഏജൻസികളിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

യാചകരെ നിരോധിക്കുന്നതിന് നടപടി

6322 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യാചക നിരോധിത മേഖലയാക്കി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തിന് പുറത്തുനിന്നും യാചകരെ റിക്രൂട്ട് ചെയ്യുന്നത് ഒഴിവാക്കുന്നതിനും അന്യ സംസ്ഥാന യാചകരെ സംസ്ഥാനത്തുനിന്നും പുറത്താക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ട്രെയിനുകളിലെ യാചക ശല്യം ഒഴിവാക്കാൻ സാമൂഹ്യക്ഷേമ വകുപ്പ് നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കിലയെ ആരോഗ്യപോഷകാഹാരവിഭവ കേന്ദ്രമാക്കാൻ പദ്ധതി</u>

6323 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിലയെ കുട്ടികളുടെ ക്ഷേമത്തിനുള്ള ആരോഗ്യപോഷകാഹാര വിഭവകേന്ദ്രമാക്കി മാറ്റാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം കർമ്മപരിപാടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഒരു പ്രത്യേക പദ്ധതിയ്ക്ക് രൂപം നൽകുമോ ;

(ഡി) ഇതിന് കേന്ദ്ര ധനസഹായം ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 31.10.2011-ലെ മറുപടിക്ക്

<u>കില</u>

6324 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, എം. എ വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിലയെ സെന്റർ ഫോർ എക്സലൻസ് ആയി മാറ്റുന്ന കാര്യം ആലോചനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുളളത്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് കിലയെ എങ്ങനെ പ്രയോജനപ്പെടുത്താനാകും?